# കേരളസർവകലാശാല

നം.പി.ആർ.189/2023 തിരുവനന്തപുരം, തീയതി: 16/09/2023

## പത്രക്കുറിപ്പ്

### കേരളസർവകലാശാല: നാലു വർഷ ബിരുദ പ്രോഗ്രാമുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാല കാര്യവട്ടം ക്യാമ്പസിൽ Centre for Under Graduate Studies 2023 -2024 അദ്ധ്യയന വർഷം പുതുതായി ആരംഭിക്കുന്ന നാലു വർഷ ബിരുദ ബി.എ.ഓണേഴ്സ് (പൊളിറ്റിക്സ് & ഇന്റർനാഷണൽ റിലേഷൻസ്/ഇക്കണോമിക്സ്/ഹിസ്റ്ററി) പ്രോഗ്രാമിന് സെപ്റ്റംബർ 16 മുതൽ ഓൺലൈനായി അപേക്ഷിക്കാം. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി സെപ്റ്റംബർ 30. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (https://admissions.keralauniversity.ac.in) ലഭ്യമാണ്.

### പി.എച്ച്.ഡി. കോഴ്സ് വർക്ക് - അപേക്ഷ ക്ഷണിച്ചു

കേരളസർവകലാശാല 2023 നവംബറിൽ നടത്തുന്ന പി.എച്ച്.ഡി. കോഴ്സ് വർക്ക് (2023 ജൂലൈ സെഷൻ) പരീക്ഷയ്ക്കുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷാഫോമും വിശദവിവരങ്ങളും സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

### സ്പോട്ട് അഡ്മിഷൻ

കേരളസർവകലാശാലയുടെ കാര്യവട്ടം ക്യാമ്പസിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരള (ഐ.എം.കെ.), സി.എസ്.എസ്. സ്കീമിൽ എം.ബി.എ. (ജനറൽ), എം.ബി.എ. (ട്രാവർ & ടൂറിസം), എം.ബി.എ. (ഷിപ്പിംഗ് & ലോജിസ്റ്റിക്സ്) കോഴ്സുകളിലേക്ക് 2023 - 2025 ബാച്ച് പ്രവേശനത്തിന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. താൽപ്പര്യമുള്ളവർ 2023 സെപ്റ്റംബർ 20 ന് 11 മണിക്ക് കേരളസർവകലാശാല കാര്യവട്ടം ക്യാമ്പസിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരളയിൽ എത്തിച്ചേരേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### സൂക്ഷ്മപരിശോധന

കേരളസർവകലാശാലയുടെ രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്. ബി.എസ്സി., സെപ്റ്റംബർ 2022 പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി. കാർഡും ഹാൾടിക്കറ്റുമായി 2023 സെപ്റ്റംബർ 18 മുതൽ 25 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ബി.എസ്സി. റീവാല്യുവേഷൻ സെക്ഷനിൽ ഇ.ജെ.II (രണ്ട്) ഹാജരാകേണ്ടതാണ്.

കേരളസർവകലാശാലയുടെ രണ്ടാം സെമസ്റ്റർ ബി.കോം. (159) സി.ബി.സി.എസ്., സെപ്റ്റംബർ 2022 പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി. കാർഡും ഹാൾടിക്കറ്റുമായി 2023 സെപ്റ്റംബർ 18 മുതൽ 21 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ബി.എസ്സി. റീവാല്യുവേഷൻ സെക്ഷനിൽ ഇ.ജെ.VII (ഏഴ്) ഹാജരാകേണ്ടതാണ്.

കേരളസർവകലാശാലയുടെ രണ്ടാം സെമസ്റ്റർ ബി.എ. സി.ബി.സി.എസ്., സെപ്റ്റംബർ 2022 പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി. കാർഡും ഹാൾടിക്കറ്റുമായി 2023 സെപ്റ്റംബർ 18 മുതൽ 26 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ബി.എസ്സി. റീവാല്യുവേഷൻ സെക്ഷനിൽ ഇ.ജെ.V (അഞ്ച്) ഹാജരാകേണ്ടതാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:**For queries**helpdesk@keralauniversity.ac.in**
**website: www.keralauniversity.ac.in**

| |
|---|
| **University information is available on 9188526670, 9188526671, 9188526674, 9188526675**<br>**Whats App No. 8547330240** |